LIBRARY ARCHIVES Kerala Legislative Assembly

സർവ്വെ സൂപ്രണ്ട് സ്ഥലസന്ദർശനം നടത്തി 4-4-2014-ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഇപ്രകാരം ബന്ധപ്പെട്ട രേഖകളും സ്ഥലപരിശോധനയും നടത്തി സർവ്വെ നമ്പറുകളിലുൾപ്പെട്ട ഭൂമി വനഭൂമിയല്ലെന്ന് ഉറപ്പുവരുത്തിയതിന്റെ അടിസ്ഥാനത്തിൽ ആണ് 314.4508 ഹെ. സ്ഥലത്തിന് പോബ്സ് എസ്റ്റേറ്റ് പ്രൈവറ്റ് ലിമിറ്റഡിന്റെ പേരിൽ കരം സ്വീകരിക്കുന്നതിന് വനം വകുപ്പിന് വിരോധമില്ല എന്ന് നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ചിറ്റൂർ അഡീഷണൽ തഹസിൽദാരെ അറിയിച്ചത്.

(എഫ്) 28-4-2014-ലെ സി2-8521/2012 നമ്പർ കത്ത് പ്രകാരം നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 314.4508 ഹെ. സ്ഥലത്തിനുള്ള കരം സ്വീകരിക്കുന്നതിന് വനം വകുപ്പിന് വിരോധമില്ല എന്ന കത്ത് മാത്രമാണ് നൽകിയിട്ടുള്ളത്. കരമൊടുക്കാൻ അനുമതി നല്കിയതിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ഭാഗത്ത് നിന്നും തെറ്റുകളൊന്നും ഇല്ലെന്ന് മൂന്നംഗ കമ്മിറ്റിയുടെ അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ആയതിനാൽ അയുസംബന്ധിച്ച നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

നെല്ലിയാമ്പതി കരുണാ പ്ലാന്റേഷനിലെ നിക്ഷിപ്ത വനഭൂമി

296 (298) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി കരുണാ പ്ലാന്റേഷനിലെ നിക്ഷിപ്ത വനഭൂമിയുടെ വിസ്തീർണ്ണം എത്രയെന്ന് അന്തിമമായി തീരുമാനിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഏത് കോടതിയുടെ ഏത് വിധിപ്രകാരമാണെന്നതും, പ്രസ്തുത കോടതി വിധിയുടെ പകർപ്പ് ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത വിധിയ്ക്ക് എതിരെ വനം വകുപ്പ് അപ്പീൽ പോവുകയുണ്ടായിട്ടുണ്ടോ;

(ഡി) പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ഉണ്ടായിട്ടുണ്ടായിരുന്നു ; വനം വകുപ്പ് ഏതെല്ലാം ഘട്ടത്തിൽ ആരിൽ നിന്നെല്ലാം നിയമ ഉപദേശം തേടുകയുണ്ടായിട്ടുണ്ട് ; ലഭിച്ച നിയമ ഉപദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. കോടതി വിധികളുടെ വെളിച്ചത്തിലും തുടർന്ന് നടത്തിയ സർവ്വേയുടെ വെളിച്ചത്തിലും കരുണാ എസ്റ്റേറ്റിലുണ്ടായിരുന്ന നിക്ഷിപ്ത വനഭൂമി

86.46 ഏക്കർ ആണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 16-10-1990-ലെ എം.എഫ്.എ. 574/89, 106/90 വിധിപ്രകാരമാണ്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത വിധിക്കെതിരെ അന്ന് ലഭിച്ച നിയമോപദേശത്തിന്റെ വെളിച്ചത്തിൽ അപ്പീൽ പോയതായി കാണുന്നില്ല. എന്നാൽ ടി വിധിക്കെതിരെ സർക്കാർ 2000 മാണ്ടിൽ 126/2000, 133/2000 എന്നിങ്ങനെ 2 റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തു. ടി റിവ്യൂ പെറ്റീഷനുകൾ തള്ളിയതിനെത്തുടർന്ന് ബഹു. സുപ്രീം കോടതിയിൽ എസ്.എൽ.പി. 3582/09, 3595/09 നമ്പറായി കേസ് ഫയൽ ചെയ്തുവെങ്കിലും ടി കേസ് 6-2-2009 തീയ്യതിയിൽ ഡിസ്മിസ് ചെയ്യുകയുണ്ടായി.

(ഡി) ഒ.എ. 583/76, എം.എഫ്.എ. 574/81, എം.എഫ്.എ. 574/89, എം.എഫ്.എ. 106/90, ആർ.പി. 126/2000, ആർ.പി. 133/2000, എസ്.എൽ.പി. 3592/09, എസ്.എൽ.പി. 3595/09 എന്നീ 8 കേസ്സുകൾ ഉണ്ടായിട്ടുണ്ട്. 16-10-1990-ലെ എം.എഫ്.എ. 574/89, 106/90 കേസ്സുകളിലെ വിധിയിന്മേലും 19-7-2005-ലെ എം.എഫ്.എ. 574/89-ന്മേലുള്ള ആർ.പി. 126/2000 കേസ്സിലെ വിധിയിന്മേലും അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടിയിട്ടുണ്ട്. പ്രസ്തുത നിയമോപദേശത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

ഒളിക്യാമറ കേസ് അന്വേഷണം

297 (299) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളിക്യാമറ അനാശാസ്യ കേസിലെ പ്രതി ആലപ്പുഴ പരവൂർ സ്വദേശി ജയചന്ദ്രൻ ഉൾപ്പെടെയുള്ള സംഘത്തിന് വനം വകുപ്പ് അധികൃതർ സൗകര്യങ്ങൾ ഒരുക്കിക്കൊടുത്തത് സംബന്ധിച്ച് വനം വകുപ്പ് ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നിർദ്ദേശപ്രകാരം നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(സി) പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly